"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - 18-12-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് - അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.40/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:- 1. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 6-11 -2021 -ലെ കത്ത്

2. 18-12-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.51-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 'അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്" എന്ന പദ്ധതിയിൽ (പ്രോ.നം. 35/22) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 50 അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾ ക്ക് 6000/- രൂപ വിലമതിക്കുന്ന സ്പോർട്സ് കിറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. മാർഗരേഖ പ്രകാരം ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമേ ഏറ്റെടുക്കാൻ സാധിക്കൂ എന്ന കാരണത്താൽ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചു. ടി സാഹചര്യത്തിൽ പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകണമെന്ന പരാമർശം ( 1 ) അപേക്ഷ വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി പരിശോധിച്ചു. ഈ വിഷയം ജില്ലാതല അപ്പലേറ്റ് കമ്മിറ്റി പരിഗണിക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചെങ്കിലും സാമ്പത്തിക വർഷാവസാനം ആയതിനാൽ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേകാനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചു.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയ്ക്ക് കീഴിൽ ആവിഷ്കരിച്ച 'അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്" എന്ന പദ്ധതിയ്ക്ക് (പ്രോ.നം. 35/22 അടങ്കൽ - 3,00,000/- രൂപ) പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പ്രസിഡണ്ട്/സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 07-01-2022 14:21:29
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ,ഗ്രാമവികസനം എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്